പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5616 27.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിലെ ശാരീരികാസ്വാസ്ഥ്യമുള്ള ജീവനക്കാർക്ക് നൽകാനുള്ള തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉബൈദുള്ള | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി -യിൽ രോഗങ്ങളും മറ്റ് ശാരീരികാസ്വാസ്ഥ്യവുമുള്ള ജീവനക്കാർക്ക് ഒരു പൂർണ്ണ മാസം ജോലി ചെയ്യാനാവാത്തതിനാൽ പൂർണ്ണ ശമ്പളം നൽകുന്നതിന് പകരം സപ്ലിമെന്ററിയായി ശമ്പളം നൽകുന്ന രീതി നിലവിലുണ്ടോ; | (എ) | ഉണ്ട്.<br>ഒരുമാസത്തിലെ ആദ്യത്തെ 15 ദിവസത്തിൽ മിനിമം 10 ഡ്യൂട്ടിയെങ്കിലും ഇല്ലാത്ത ജീവനക്കാർക്കാണ് സപ്ലിമെന്ററിയായി ശമ്പളം നൽകുന്നത്. |
| (ബി) | എങ്കിൽ അത്തരത്തിലുള്ളവർക്ക് 2017 ഏപ്രിൽ മുതൽ ശമ്പളം നൽകാനുള്ള എത്ര പേരുടെ എത്ര തുകയ്ക്കുള്ള ബില്ലാണ് കെ.എസ്.ആർ.ടി.സി. കൊടുത്ത് തീർക്കാൻ ബാക്കിയായിട്ടുള്ളത് ;വ്യക്തമാക്കുമോ; | (ബി) | 2017 ഏപ്രിൽ മുതൽ സെപ്റ്റംബർ മാസം വരെ സപ്ലിമെന്ററിയായി ശമ്പളം നൽകിയിട്ടുണ്ട്. 2017 ഒക്ടോബർ മാസം മുതൽ നാളിതുവരെ 2496 ജീവനക്കാർക്ക് 1,85,44,622/- രൂപയാണ് സപ്ലിമെന്ററി ശമ്പളമായി കൊടുത്ത് തീർക്കാൻ ബാക്കിയായിട്ടുള്ളത്. |
| (സി) | ഏറെ ശാരീരികബുദ്ധിമുട്ടനുഭവിക്കുന്ന ലൈൻ ഡ്യൂട്ടിക്കാരായവർക്ക് ഈ വകയിൽ നൽകാനുള്ള തുക പൂർണമായും നൽകാൻ നിർദ്ദേശം നൽകുമോ? | (സി) | കെ. എസ്. ആർ. ടി. സിയുടെ നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് യഥാസമയം തുക വിതരണം ചെയ്യുവാൻ കഴിയാതിരുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ